കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാവാലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി10-47/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477 2252753
തീയതി: 24.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവാലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവാലം ഗ്രാമപഞ്ചായത്ത്- 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-6 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി10-47/17 തീയതി: 24.01.2017

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.01.2017മുതൽ 18.01.2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.കെ.പുഷ്പരാജ്, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.ടി.രാജേഷ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ഓമനക്കുട്ടൻ ജനാർദ്ദനൻ<br>ശ്രീമതി. സന്ധ്യാ രമേശ് കുമാർ | 01.04.2015മുതൽ 31.10.2015 വരെ<br>19.11.2015മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. പി.എസ്.ശിഖിവാഹനൻ | 01.04.2015മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ജിജി അഭിലാഷ്<br>ശ്രീ.ഒ.ജി.ഷാജി | 01.04.2015മുതൽ 31.10.2015 വരെ<br>01.12.2015മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ശ്രീകല അജിത് കുമാർ<br>ശ്രീമതി.ദീപാമോൾ ശശിധരൻ | 01.04.2015മുതൽ 31.10.2015 വരെ<br>01.12.2015മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 3 | ക്ഷേമകാര്യം | ശ്രീ.സോണിക്കുട്ടി<br>ശ്രീ.ടി.എൻ.രാമൻപിള്ള | 01.04.2015മുതൽ 31.10.2015 വരെ<br>01.12.2015മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ. കെ.സി. ജോസഫ്<br>ശ്രീമതി.റീനാമോൾ | 01.04.2015മുതൽ 31.10.2015 വരെ<br>01.12.2015മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. എം.എ. സിറാജുദ്ദീൻ | 01.04.2015മുതൽ31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ദിവ്യ ചന്ദ്രൻ | 01.04.2015മുതൽ31.03.2016വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.ശുഭ.<br>ശ്രീമതി. അഞ്ജു മരുതനായകം | 01.04.2015മുതൽ31.12.2015വരെ<br>01.01.2016മുതൽ31.03.2016വരെ |
| 5 | വി.ഇ.ഒ | ശ്രീ. അനിൽ കുമാർ | 01.04.2015മുതൽ31.03.2016വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.വിനീത<br>ഡോ.ശ്രീകല.സി.എൻ | 01.04.2015മുതൽ15.11.2015വരെ<br>16.11.2015മുതൽ31.03.2016വരെ |
| 7 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.സുഭാഷ് | 01.04.2015മുതൽ31.03.2016വരെ |
| 8 | പ്രധാനാധ്യാപിക, എൽ.പി.എസ് | ശ്രീമതി. ഇന്ദിര<br>ശ്രീമതി.ഷൈല. പി.രാജ് | 01.04.2015മുതൽ03.06.2015വരെ<br>04.06.2015മുതൽ31.03.2016വരെ |
| 9 | അസി.സെക്രട്ടറി | ശ്രീമതി.സുജാത.കെ | 01.04.2015മുതൽ31.03.2016വരെ |
| 10 | അസി. എഞ്ചിനിയർ | ശ്രീമതി.ആശ രാജ്<br>ശ്രീ.ടി.ആർ.തിലകൻ | 01.04.2015മുതൽ05.08.2015വരെ<br>06.08.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | ഭാഗം 2 | |
| 2 | തൊഴിൽ - സ്ഥാപന നികുതി ഈടാക്കുന്നില്ല | 2-1 |
| 3 | വസ്തുനികുതിയിനത്തിൽ വൻ കുറവ് | 2-2 |
| 4 | കാവാലം - തട്ടാശ്ശേരി ജംഗാർ – കരാർ ലംഘിച്ചും സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയും സർവീസുകൾ നടത്തുന്നു. | 2-3 |
| 5 | മൊബൈൽ ടവറുകളുടെ വസ്തുനികുതി- ഈടാക്കുന്നില്ല | 2-4 |
| | ഭാഗം 3 | |
| 6 | നെൽവിത്ത് സബ്സിഡി- ഒരേ കുടുംബത്തിലെ ഒന്നിലധികം പേർക്ക് സബ്സിഡി | 3-1 |

| | | |
|---|---|---|
| 7 | ഷഡഗതോയം ഔഷധവിതരണം - പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-2 |
| 8 | അഭയം(മാനസികാരോഗ്യ പരിപാടി)-ചെലവ് രേഖകളില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 9 | തെരുവുനായ നിയന്ത്രണം-എ.ബി.സി പ്രോഗ്രാം ജില്ലാ പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 10 | ഇ എം എസ് ഭവനപദ്ധതി - നടപടിക്രമങ്ങൾ പാലിക്കാതെ ആനുകൂല്യങ്ങൾ തിരിച്ചടവ് വരുത്തി. | 3-5 |
| 11 | കമ്മ്യൂണിറ്റി ഹാൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 12 | തെരുവുവിളക്കുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് കെ എസ് ഈ ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-7 |
| 13 | പഞ്ചായത്ത് ഓഫീസിൽ ഫോട്ടോസ്റ്റാറ്റ് മെഷ്യൻ ഉള്ളപ്പോൾ പുറത്തുനിന്ന് ഫോട്ടോസ്റ്റാറ്റ് എടുത്തു. | 3-8 |
| 14 | തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-9 |
| | ഭാഗം 4 | |
| 15 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to<br>4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 90705533 | 88030346 |
| വാർഷിക കണക്ക് പ്രകാരം | 24858787 | 33475066 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 52798967/-രൂപയുടേയും ചെലവിൽ 54555280/-രൂപയുടേയും വ്യത്യാസം കാണുന്നു.

ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കാത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 31.7.16 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13047779 |
| വരവ് | 24858787 |
| ആകെ | 37906566 |
| ചെലവ് | 33475066 |
| നീക്കിയിരിപ്പ് | 4431500 |

1-5 ഫണ്ട് വിനിയോഗം

| | മുന്നിരുപ്പ് | ടി.സി. ചെയ്ത് ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2+3+5) | ചെലവ് | ടി.സി. ചെയ്ത് നൽകിയ തുക | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം | 530842 | 6697454 | 6634623 | 1697722 | 8926018 | 7028636 | -- | 1897382 | 0 |
| എസ്.സി.പി. | 2296910 | -- | 3437567 | 1523787 | 3820697 | 2196130 | 1624567 | -- | 0 |
| ടി.എസ്.പി. | -- | -- | 24000 | 24000 | 24000 | 24000 | -- | -- | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 219099 | 434696 | 1565000 | 1022450 | 1676245 | 1676245 | -- | -- | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 834696 | -- | 2320000 | 1179027 | 2013723 | 1579027 | 434696 | -- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1362962 | -- | 5361655 | 4826397 | 6189359 | 3559193 | 2630166 | -- | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2442721 | -- | 2442721 | 1538699 | 3981420 | 1538699 | 2442721 | -- | 0 |
| എ.എൻ.ആർ. ഇ. ജി.എസ്. | 114060 | -- | -- | 17166911 | 17280971 | 17278117 | -- | -- | 2854 |
| ബി ഫണ്ട് | -- | -- | -- | 19005186 | 19005186 | 19005186 | 0 | 0 | 0 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 137 | 26919542 | 109 | 19048392 | 20 | 8 | 79.56% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.43%ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1981696 | 1151209 | 830487 | (-)41.91% |
| നികുതിയേതര വരവുകൾ | 559880 | 388971 | 170909 | (-)30.53% |
| മറ്റ് വരവുകൾ | 164363 | 125718 | 38645 | (-)23.51% |

| | | | | |
|---|---|---|---|---|
| ആകെ | 2705939 | 1665898 | 1040041 | (-)38.43% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 369600 | 195 |
| കർഷകതൊഴിലാളി പെൻഷൻ | 8912340 | 1038 |
| വിധവാപെൻഷൻ | 3651920 | 351 |
| വാർദ്ധക്യകാലപെൻഷൻ | 3518730 | 698 |
| വികലാംഗപെൻഷൻ | 1885520 | 160 |
| വിവാഹധനസഹായം | 270000 | 9 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 393680 | 35 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 340/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016 | 11/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.3.2016- 9.3.2016 | 2010-11 മുതൽ 2014-15 വരെ | 6.05.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ - സ്ഥാപന നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് 2015-16 വർഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നികുതികൾ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | കാലയളവ് | തൊഴിൽ നികുതി/ സ്ഥാപന നികുതി |
|---|---|---|---|
| 1 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് കാവാലം | 1 & 2 അർദ്ധവർഷങ്ങൾ | തൊഴിൽ നികുതി സ്ഥാപനനികുതി |
| 2 | അരുവാക്കര ഫൈനാൻസിയേഴ്സ് | 1 & 2 അർദ്ധവർഷങ്ങൾ | തൊഴിൽ നികുതി സ്ഥാപനനികുതി |
| 3 | കോശമറ്റം ഫൈനാൻസിയേഴ്സ് | 1 & 2 അർദ്ധവർഷങ്ങൾ | തൊഴിൽ നികുതി സ്ഥാപനനികുതി |
| 4 | സപ്ലൈകോ, കാവാലം | 1 & 2 അർദ്ധവർഷങ്ങൾ | സ്ഥാപനനികുതി |
| 5 | കാവാലം-കുന്നമ്മ ക്ഷീരോദ്പാദക സഹകരണ സംഘം നം.എ12 | 1 & 2 അർദ്ധവർഷങ്ങൾ | സ്ഥാപനനികുതി |

ട്രേഡേഴ്സ് ലിസ്റ്റ് - അപാകതകൾ

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. 2015-16 കാലയളവിൽ ആകെ ലഭിച്ച 68 അപേക്ഷകളാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഡ് തിരിച്ചുള്ളതും പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

## 2-2 വസ്തുനികുതിയിനത്തിൽ വൻ കുറവ്

പഞ്ചായത്തിന്റെ 2015-16വർഷത്തെ വസ്തുനികുതിയിനത്തിലും സേവന നികുതിയിനത്തിലും ആകെ ഡിമാന്റ് ചെയ്തതിന്റെ 20% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസുകളായ കെട്ടിടനികുതിയും അതിന്റെ സേവനനികുതിയും ഇത്തരത്തിൽ കുടിശ്ശികയായി തുടരുന്നത് ശരിയല്ല. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി സംബന്ധിച്ചുള്ള എല്ലാവിവരങ്ങളും ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ കാണിക്കുന്ന് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതിയിനത്തിൽ കുറവുണ്ടാകുവാനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സർക്കാരിൽ നിന്നും കെട്ടിടനികുതി സംബന്ധിച്ച് നിരവധി ഉത്തരവുകൾ വരുകയും ആയതിൽ വ്യക്തയില്ലാത്തതിനാൽ കെട്ടിടയുടമസ്ഥർ നികുതി അടയ്ക്കാതിരുന്നതുമൂലവുമാണെന്ന് നികുതി പിരിവിൽ കുറവെന്ന് പറയുന്നു. കുടിശ്ശിക കെട്ടിടനികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 2-3 കാവാലം - തട്ടാശ്ശേരി ജംഗാർ - കരാർ ലംഘിച്ചും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും സർവീസുകൾ നടത്തുന്നു.

പഞ്ചായത്തിന്റെ കാവാലം - തട്ടാശ്ശേരി ജംഗാർ 2008-09 വർഷം 40000/-രൂപയ്ക്ക് ലേലത്തിൽ പിടിച്ച ശ്രീ.കെ.സുധീർ, പുത്തൻ പറമ്പ്, പെരുമ്പള്ളികൽ, വലിയഴീക്കൽ എന്നയാൾതന്നെയാണ് 2009-10 മുതൽ 2011-12 വരെയും 2012-13മുതൽ 2014-15വരെയും 2015-16മുതൽ 2016-17 വരെയും നടത്തുവാൻ കരാർ എടുത്തിട്ടുള്ളത്. ഈ കാലയളവിൽ ജംഗാർ സർവ്വീസ് നടത്തുവാൻ കരാർ എടുത്തിട്ടുള്ള ടിയാന് ലേലത്തിലൂടെയല്ല കടത്ത് സർവ്വീസ് നടത്തുവാനുള്ള അവകാശം സിദ്ധിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 31.3.2015ൽ ടിയാന്റെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ 20-3-2015ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി 5(1)തീരുമാനപ്രകാരം ശ്രീ.കെ.സുധീർ എന്നയാൾക്കുതന്നെ രണ്ട് വർഷത്തേക്ക് കൂടി (2015-16,2016-17)ജംഗാർ സർവ്വീസ് നടത്തുവാനുള്ള അനുവാദം നൽകിയിട്ടുള്ളതാണ്. പരസ്യലേലം നടത്താതെ ടിയാനുതന്നെ ജംഗാർ സർവ്വീസ് നടത്തുവാനുള്ള അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിലവിലുണ്ടായിരുന്ന ലേലതുക 2,03,333/-രൂപയിൽ നിന്നും 10%കൂട്ടി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ 2,40,000/-രൂപ വീതം നിശ്ചയിച്ച് നിലവിൽ സർവീസ് നടത്തിയിരുന്ന ശ്രീ.കെ.സുധീറിന് നൽകിയിട്ടുള്ളതാണ്. ഈ അവകാശം ലേല നടപടികളിലൂടെയല്ല നൽകിയതെന്നും 22.2.2012ലെ പഞ്ചായത്ത് കമ്മറ്റിയുടെ 5(2)ാം നമ്പർ തീരുമാന പ്രകാരമാണ്

നൽകിയത്. കൂടാതെ 20-3-2015ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി 5(1)തീരുമാനപ്രകാരം ശ്രീ.കെ.സുധീർ എന്നായാൾക്കുതന്നെ ലേലതുകയുടെ 10%വർദ്ധിപ്പിച്ച് 2015-16ൽ 2,46,000/-രൂപയും2016-17ൽ 2,71,040/-രൂപയും കൂടി രണ്ട് വർഷത്തേക്ക് കൂടി ജംഗാർ സർവ്വീസ് നടത്തുവാനുള്ള അനുവാദം നൽകിയിട്ടുള്ളതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ പുതിയ ആളുകൾ വരാൻ സാധ്യതയില്ലെന്നും ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നാൽ ജംഗാർ സർവീസ് തുടർന്ന് നടത്തുവാൻ പറ്റാത്ത അവസ്ഥയുണ്ടാകുമെന്ന് തന്മൂലം കാവാലം പോലെയുള്ള ഒരു പ്രദേശത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും ജനങ്ങളുടെ സഞ്ചാരസ്വാതന്ത്രം തടസ്സപ്പെടുമെന്നും ആയത് ജനകീയപ്രക്ഷോഭങ്ങൾക്ക് കാരണമാകുമെന്ന് കമ്മറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാനുതന്നെ സർവീസ് നടത്തുവാനുള്ള അവകാശം നൽകിയിട്ടുള്ളതെന്ന് പറയുന്നു. ഫയൽ പരിശോധിച്ചതിൽ ചങ്ങാടത്തിന്റെയും ബോട്ടിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്(ഡി ഫോം), കനാൽ ലൈസൻസ്(എം ഫോം) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ ലേലകുടിശ്ശിക വരുത്തിയും യഥാസമയം പണം അടയ്ക്കാതെ ലേലത്തിൽ പങ്കെടുക്കുവാൻ വേണ്ടി മാത്രം കുടിശ്ശിക തുക അടയ്ക്കുകയും ചെയ്യുതും പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതുമായ കരാറുകാരന് കരാർ നീട്ടിനൽകിയതിന്റെ കാരണം വ്യക്തമല്ല. കൂടാതെ 2015-16ൽ അടക്കേണ്ട തുകയായ 1,25,506/-രൂപയും ആയതിന്റെ 18% പലിശയും അടച്ചിട്ടില്ലാത്തതാണ്. ആയത് ഈടാക്കിയിട്ടുണ്ടോയെന്നുള്ളതിനുള്ള മറുപടിയിൽ ആയത് അടിയന്തിരമായി അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സർവീസുകൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് ഉത്തരവാദിത്തം പഞ്ചായത്ത് സെക്രട്ടറിക്കും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും മാത്രമായിരിക്കുമെന്ന് 17.10.2008ലെ CIB/10/2008ാം നമ്പർ സർക്കുലറിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് അറിയിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി- ഈടാക്കുന്നില്ല

സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ തീയതി 14.01.2011പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ഈടാക്കിയ വസ്തു നികുതിയുടെ വിവരം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/11.01.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ടവറുകളിൽ നിന്നും പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ സ്ഥല വിസ്തീർണ്ണം കണക്കിലെടുത്ത് നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നെൽവിത്ത് സബ്സിഡി - ഒരേ കുടുംബത്തിലെ ഒന്നിലധികം പേർക്ക് സബ്സിഡി

പ്രോജക്ട് നം.എസ്.017/16

പ്രോജക്ടിന്റെ പേര്: നെൽവിത്ത് സബ്സിഡി(ജനറൽ)

നിർവ്വഹണം: കൃഷി ഓഫീസർ

അടങ്കൽ: വികസന ഫണ്ട് -500000

ചെലവ്

ട്രഷറി ബിൽ നം.KBK/PP/01/15-16 തീയതി, 30.01.2016 -500000/- രൂപ

കാവാലം ഗ്രാമപഞ്ചായത്തിൽ തൻവർഷം ഈ പദ്ധതി പ്രകാരം 113379.കി.ഗ്രാം നെൽവിത്ത് 13 പാടശേഖര സമിതിയിലെ കർഷകർക്കായി വിതരണം ചെയ്ത വകയിൽ വികസന ഫണ്ടിൽ നിന്നും അഞ്ച് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും കിലോ ഗ്രാമിന് 39/- രൂപ നിരക്കിൽ വാങ്ങിയ നെൽവിത്തിന് 4.41രൂപ നിരക്കിൽ വികസന ഫണ്ടിൽ നിന്നും ബാക്കി തുക കൃഷി വകുപ്പിൽ നിന്നുമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖപ്രകാരം നെൽവിത്തിനുള്ള സബ്സിഡി നാമമാത്ര ചെറുകിട കർഷകർക്കായി നിജപ്പെടുത്തിയിരിക്കുന്നു. ഈ നിബന്ധന

മറികടക്കുന്നതിനും കൂടുതൽ സബ്സിഡി ലഭിക്കുന്നതിനും വേണ്ടി ഒരേ കുടുംബത്തിലെ ഒന്നിലധികം അംഗങ്ങൾക്ക് ആനുകൂല്യം വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. അപേക്ഷയോടൊപ്പം ലഭ്യമാക്കിയ കരം അടച്ച രസീത്/താത്കാലിക കർഷകൻ നല്കുന്ന സത്യവാങ്മൂലം, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ പരിശോധിച്ചതിൽ നിന്നുമാണ് ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്ന് മനസ്സിലാക്കിയത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽ വിലാസം,സർവ്വേ നം. | അതേ കുടുംബത്തിലെ മറ്റ് അംഗങ്ങൾ | 2-ാം കോളത്തിലെ പേരുകാരനുമായുള്ള ബന്ധം | കൈപ്പറ്റിയ നെൽവിത്തിന്റെ അളവ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | സ്റ്റെലിൻ.എ.ഡി<br>സെൽവിൻ ഭവനം<br>കുന്നമ്മ, കാവാലം | | | 200കി.ഗ്രാം |
| | | സിന്ധു.ഇ.എസ്<br>സെൽവിൻ ഭവനം<br>കുന്നമ്മ, കാവാലം | ഭാര്യ<br>(കരം അടച്ച രസീതിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 200കി.ഗ്രാം |
| | | സേതു.എസ്<br>സെൽവിൻ ഭവനം<br>കുന്നമ്മ, കാവാലം | മകൾ<br>(താത്കാലിക കർഷകൻ നല്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 40കി.ഗ്രാം |
| | | സെൽവിൻ.എസ്<br>സെൽവിൻ ഭവനം<br>കുന്നമ്മ, കാവാലം | മകൻ<br>(കരം അടച്ച രസീതിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 200കി.ഗ്രാം |
| 2 | മോഹനൻ.കെ.ആർ<br>കണ്ടച്ചാപറമ്പ്<br>കണ്ണാടി.പി.ഒ<br>പുളിങ്കുന്ന് | | | 200കി.ഗ്രാം |
| | | കനകമ്മ മോഹനൻ<br>കണ്ടച്ചാപറമ്പ്<br>കണ്ണാടി.പി.ഒ<br>പുളിങ്കുന്ന് | ഭാര്യ<br>(കരം അടച്ച രസീതിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 80കി.ഗ്രാം |
| | | ധന്യ<br>കണ്ടച്ചാപറമ്പ്<br>കണ്ണാടി.പി.ഒ<br>പുളിങ്കുന്ന് | മകൾ<br>(താത്കാലിക കർഷകൻ നല്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 168കി.ഗ്രാം |
| 3 | മണിലാൽ<br>എഴുപത്തൊന്നിൽ<br>കാവാലം.പി.ഒ | | | 192കി.ഗ്രാം |
| | | ദിബുലാൽ<br>എഴുപത്തൊന്നിൽ<br>കാവാലം.പി.ഒ | മകൻ<br>(താത്കാലിക കർഷകൻ നല്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 200കി.ഗ്രാം |
| | | ദിനുലാൽ<br>എഴുപത്തൊന്നിൽ<br>കാവാലം.പി.ഒ | മകൻ<br>(താത്കാലിക കർഷകൻ നല്കുന്ന സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്) | 200കി.ഗ്രാം |
| 4 | ഇടിക്കുള പുന്നൂസ്<br>കണിച്ചേരിൽ<br>കാവാലം.പി.ഒ | | | 180കി.ഗ്രാം |
| | | ജെനി ഇടിക്കുള<br>കണിച്ചേരിൽ<br>കാവാലം.പി.ഒ | ഭാര്യ<br>(ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.) | 200കി.ഗ്രാം |

മേല്പറഞ്ഞവ മംഗലം മാണിക്യ മംഗലം എന്ന പാടശേഖര സമിതിയിൽ നിന്നുള്ള ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ഇത്തരത്തിൽ ഒരുപാട് കുടുംബങ്ങൾ തൻവർഷം ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ഈ കുടുംബങ്ങൾക്കെല്ലാം തന്നെ 2 ഹെക്ടറിന് മുകളിൽ കൃഷി നടത്തുന്നതായി രേഖപ്പെടുത്തി ഹെക്ടറിന് 100. കി.ഗ്രാം എന്ന നിരക്കിൽ നെൽവിത്തും നല്കിയിട്ടുണ്ട്.

പാട്ടകൃഷി നടത്തുന്ന കർഷകരുടെ പാട്ടക്കരാർ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. താത്കാലിക കർഷകൻ എന്ന നിലയിൽ ഒരു സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഈ സാക്ഷ്യപത്രത്തിൽ കർഷകൻ മാത്രമാണ് ഒപ്പിട്ടിരിക്കുന്നത് ഭൂവുടമയുടെ ഒപ്പ്/വിരലടയാളമില്ല.

സർക്കാർ മാർഗ നിർദ്ദേശങ്ങൾ മറികടന്ന് ആനുകൂല്യം നല്കാനുണ്ടായ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (1/11.1.17) നല്കിയ മറുപടിയിൽ "നെൽകൃഷി നാമമാത്രമായെങ്കിലും അവശേഷിക്കുന്ന കുട്ടനാട് പോലുള്ള പ്രദേശത്ത് പ്രസ്തുത കർഷകരെ പ്രോത്സാഹിപ്പിക്കുകയെന്ന പരിഗണനയിലാണ് ടി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നറിയിച്ച്". കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള നിബന്ധനകളിൽ പോരായ്മകളുണ്ടെങ്കിൽ ആയത് ഉചിതമായ മാർഗത്തിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ടിയിരുന്ന പരിഹാരം കാണേണ്ടിയിരുന്നത്, അല്ലാതെ കുറുക്കു വഴികളിലൂടെ സർക്കാർ മാർഗനിർദ്ദേശങ്ങൾ മറികടന്ന് ആനുകൂല്യങ്ങൾ നല്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ഷഡംഗതോയം ഔഷധവിതരണം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം.19/16

(ബിൽ നം.2/15-16) വികസനഫണ്ട്

ഓരോ വീട്ടിലും ഔഷധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനായി മേൽ പദ്ധതി പ്രകാരം ഒരു പാക്കറ്റിന്(150 g) 47/-രൂപ നിരക്കിൽ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും 2027ഷഡംഗതോയം കഷായ ചൂർണ്ണ പാക്കറ്റുകൾ വാങ്ങിയതിന് 1,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2027ഷഡംഗതോയം കഷായ ചൂർണ്ണ പാക്കറ്റുകൾ മെയിൻ സ്റ്റോക്കിലെടുത്ത് സബ് സ്റ്റോക്കിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും ആയത് എത്ര പേർക്ക്, എങ്ങനെയാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആയുർവേദ ഔഷധങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനാണ് വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത്. എന്നാൽ ഷഡംഗതോയം ഔഷധങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്ന ഒന്നല്ല. ആയതിനാൽ ഇത്തരം വസ്തുക്കൾ വാങ്ങുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ആയത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഷഡംഗതോയം കഷായ ചൂർണ്ണം ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും രോഗപ്രതിരോധത്തിനു നൽകുന്ന മരുന്നുകളിൽപ്പെടുന്നതാണെന്നും ഷഡംഗതോയം മരുന്നിന്റെ പേരല്ലയെന്നും പറയുന്നു. ഓ.പി വഴി വിതരണം നടത്തിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-3 അഭയം(മാനസികാരോഗ്യ പരിപാടി)-ചെലവ് രേഖകളില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. എസ്.023/16

പ്രോജക്ടിന്റെ പേര്:- അഭയം(മാനസികാരോഗ്യ പരിപാടി)

നിർവ്വഹണം: മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

അടങ്കൽ: വികസന ഫണ്ട് -114884/- രൂപ

ചെലവ്


1. ട്രഷറി ബിൽ നം.02/15 തീയതി.16.09.2015 -39566/- രൂപ
2. ട്രഷറി ബിൽ നം.07/15-16 തീയതി.29.03.2016 -25000/- രൂപ
3. ട്രഷറി ബിൽ നം.08/15-16 തീയതി.31.03.2016 -27400/- രൂപ

കാവാലം ഗ്രാമപഞ്ചായത്തിലെ മാനസികോരോഗ്യം കുറവുള്ളയാളുകൾക്ക് ആവശ്യമായ വൈദ്യപരിശോധന, കൗൺസിലിംഗ്, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ന്യൂ ഡെൽഹി ആസ്ഥാനമായുള്ള MEHAC Foundation (Mental Health care and Research Foundation) (http://www.mehacfoundation.org) എന്ന സ്ഥാപനത്തിന്റെ കൊച്ചി റീജിയണൽ ഓഫീസിന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. 2015-16-ൽ ആരംഭിച്ച ഈ പദ്ധതി ഓഡിറ്റ് വർഷം വളരെ വിജയകരമായി നടന്നു വന്നതായും, തുടർ വർഷങ്ങളിലും പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതായും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ നിന്നും ബോധ്യപ്പെട്ടു. പ്രതിമാസ വൈദ്യപരിശോധന, കൗൺസിലിംഗ്, മരുന്നുകൾ വാങ്ങൽ, പരിശീലനം,

ഭക്ഷണം തുടങ്ങി വിവിധ ഇനങ്ങൾക്കായി ഈ പദ്ധതി പ്രകാരം ആകെ 91966/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവ് തുക |
|---|---|---|
| 1 | മെഹാക് ഫൗണ്ടേഷൻ ടീമിന് കൊച്ചിയിൽ നിന്നും കാവാലത്തേയ്ക്ക് എത്തുന്നതിനുള്ള ടാക്സി ചാർജ് | 18660/-രൂപ |
| 2 | മരുന്ന് വാങ്ങൽ | 39566/-രൂപ |
| 3 | ഭക്ഷണം | 27000/-രൂപ |
| 4 | ബുക്ക്,പേന | 3640/-രൂപ |
| 5 | ബാനർ | 500/-രൂപ |
| 6 | ക്ലീനിംഗ് ചാർജ് | 500/-രൂപ |
| 7 | ജനറേറ്റർ,കസേര മുതലായവ | 1400/-രൂപ |
| 8 | ഓണറേറിയം | 500/-രൂപ |
| 9 | വാഹന വാടക | 200/-രൂപ |
|  | ആകെ | 91966/-രൂപ |

ഇതിൽ ക്രമ നം.1 പ്രകാരമുള്ള ചെലവിനെ സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ആകെ ലഭ്യമായത് ഡി.റ്റി.പി ചെയ്ത് തയ്യാറാക്കിയിട്ടുള്ള ടാക്സി ബിൽ ക്ലെയിം (ചിത്രം.1) മാത്രമാണ്.



Taxi bill Claim- April-2015

Ref:
Date:

MEHAC/KP/1415/007
April 18, 2015

To,
The Medical Officer
Primary Health Center
Kavalam
Allapuzha Dt.

| INVOICE | |
|---|---|
| Particulars | Amount (Rs) |
| Taxi Charges from Ernakulam to Kavalam and back on 18.04.2015 | 2613.00 |
| TA for Social Worker | 150.00 |
| Total : Two Thousand Six Hundred and Thirteen only | 2763.00 |

MEDICAL OFFICER IN-CHARGE PRIMARY HEALTH CENTRE KAVALAM

ചിത്രം.1

ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള ബില്ലിൽ MEHAC Foundation-ലെ അധികാരപ്പെട്ട ആരും തന്നെ ഒപ്പ് വയ്ക്കുകയോ ബില്ലിനോടൊപ്പം ടാക്സി സർവ്വീസിൽ നിന്നുള്ള ട്രിപ്പ് ഷീറ്റോ, കൈപ്പറ്റ് രസീതോ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല. തുക കൈപ്പറ്റിയതായി MEHAC Foundation-ും രസീത് നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 18660/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവുനായ നിയന്ത്രണം-എ.ബി.സി പ്രോഗ്രാം ജില്ലാ പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.എസ്.147/16

പ്രോജക്ടിന്റെ പേര്: തെരുവുനായ നിയന്ത്രണം-എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്ത് വിഹിതം

നിർവ്വഹണം: വെറ്ററിനറി സർജൻ

അടങ്കൽ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,00,000/-രൂപ

<u>ചെലവ്</u>

ട്രഷറി ബിൽ നം.4/15-16 തീയതി.17.03.2016 -2,00,000/- രൂപ

| ഡി.ഡി നം. | തീയതി | തുക |
|---|---|---|
| 240717 | 17.03.2016 | 49000 |
| 240720 | 17.03.2016 | 4000 |
| 240723 | 17.03.2016 | 49000 |
| 240724 | 17.03.2016 | 49000 |
| 240725 | 17.03.2016 | 49000 |

2015-16 സാമ്പത്തിക വർഷം ഈ പദ്ധതിയിൽപ്പെടുത്തി 2,00,000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

മങ്കൊമ്പ് ട്രഷറി നോൺ ബാങ്കിങ് ട്രഷറി ആയതിനാൽ വികസന ഫണ്ടിൽ നിന്നും മറ്റും പിൻവലിക്കുന്ന തുകകൾ ഡി.ഡിയാക്കി മാറ്റുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കാവാലം ശാഖയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം.57061150351) ആരംഭിച്ചിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയൊന്നും തന്നെ ഈ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17 തീയതി.13.01.2017) നല്കിയ മറുപടിയിൽ അക്കൗണ്ടിൽ നിക്ഷേപിച്ചതിനു ശേഷം ഡി.ഡിയാക്കി മാറ്റുമ്പോൾ കാലതാമസം വരുന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്നാണ്. ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ അതേ ദിവസം തന്നെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഡി.ഡി.-ആക്കി മാറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 <u>ഇ.എം.എസ്. ഭവനപദ്ധതി - നടപടിക്രമങ്ങൾ പാലിക്കാതെ ആനുകൂല്യങ്ങൾ തിരിച്ചടവ് വരുത്തി.</u>

2009-10 സാമ്പത്തിക വർഷത്തിൽ പാറേച്ചിറ വീട്ടിൽ പ്രേമാനന്ദൻ എന്നയാൾക്ക് ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ വീട് വിൽക്കുകയാണെന്നും ടിയാന്റെ ആനുകൂല്യങ്ങൾ തിട്ടപ്പെടുത്തി നൽകണമെന്നപേക്ഷിക്കുകയും 1,44,413/-രൂപ ബാദ്ധ്യത നിർണ്ണയിക്കുകയും 29.9.2015ൽ ടിയാൻ തുക തിരിച്ചടച്ചിട്ടുള്ളതുമാണ്. ഭവന പദ്ധതി പ്രകാരം ടിയാന് എത്ര രൂപയാണ് നൽകിയതെന്നും ബാദ്ധ്യത നിർണ്ണയിച്ചത് എപ്രകാരമാണെന്നും വ്യക്തമാക്കേണ്ടതാണ്. തുക ഒടുക്കിയ ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട കരാർ പരിശോധനക്ക് ലഭിച്ചിട്ടില്ല. 12 വർഷ കാലയളവിലേക്ക് ഇത്തരത്തിൽ ലഭ്യമാക്കിയ വീട് വിൽക്കരുതെന്നുള്ള കരാർ ശ്രീ.പ്രേമാനന്ദനുമായി പഞ്ചായത്ത് ഒപ്പുവെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 75000/-രൂപ പ്രേമാനന്ദന് നൽകിയിട്ടുണ്ടെന്നും, പഞ്ചായത്ത് ടിയാനുമായി ഏർപ്പെട്ടിരിക്കുന്ന കരാർ റദ്ദ് ചെയ്യുന്നതിനായി പുളിങ്കുന്ന് സബ്ബ് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പറയുന്നു. കരാർ റദ്ദ് ചെയ്യുന്നതിന് മുൻപ് തന്നെ ടിയാന്റെ ബാദ്ധ്യത നിശ്ചയിച്ച് തുക ഒടുക്കിയ നടപടി ക്രമവിരുദ്ധമാണ്. അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>കമ്മ്യൂണിറ്റി ഹാൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല</u>

പ്രോജക്ട് നം. : 94/2015

അളവ് പുസ്തകം : 59/14-15

അടങ്കൽ തുക : 758499/-

ബിൽ നം. : 73/31.3.2016 – 200952/-

ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി കൺവീനറായി ശ്രീമതി.സീന രമേശനെ തെരഞ്ഞെടുത്തതായും 4.2.2015 ൽ കരാർ ചമച്ചതായും ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഗുണഭോക്തൃ സമിതി കമ്മിറ്റി എഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളത് 23.12.2015 എന്നാണ്. നിയമ പ്രകാരം കരാർ ചമയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം 23.3.2015 ലെ ഒന്നാം പാർട്ട് ബിൽ പ്രകാരം പ്രവൃത്തിയുടെ മൂല്യം 143958/- രൂപ കണക്കാക്കി നികുതികളും, റീടെൻഷൻ തുകയും കുറച്ച് 129558/- രൂപയും, 18.6.15 ലെ രണ്ടാം പാർട്ട് ബിൽ പ്രകാരം 189577/- രൂപയും (പ്രവൃത്തി മൂല്യം-333535/-) കൺവീനർക്ക് നൽകിയിട്ടുണ്ട്. തുടർന്ന് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നൽകിയതായി കാണുന്നില്ല. കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി സംബന്ധിച്ച വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൺവീനർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും സാധ്യമല്ലാതാകുന്നു. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും, പ്രവൃത്തി പൂർത്തീകരണത്തിന്റെ അകാരണമായ കാലതാമസ്സത്തിന് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/17.1.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-7 <u>തെരുവുവിളക്കുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല</u>

കാവാലം ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 37057/-രൂപയാണ് കെ.എസ്.ഇ.ബിയിൽ അടക്കുന്നത്. വൈദ്യുതി പോളുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സംയുക്തപരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ കുറവും, സമ്പൂർണ്ണ വൈദ്യുതീകരണവും മൂലം സംയുക്തപരിശോധന നടത്തുവാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി സംയുക്തപരിശോധന നടത്തി വൈദ്യുതിചാർജ്ജ് സംബന്ധിച്ച് കൃത്യത വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സംയുക്തപരിശോധന നടത്തി വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 3-8 <u>പഞ്ചായത്ത് ഓഫീസിൽ ഫോട്ടോസ്റ്റാറ്റ് മെഷ്യൻ ഉള്ളപ്പോൾ പുറത്തുനിന്ന് ഫോട്ടോസ്റ്റാറ്റ് എടുത്തു.</u>

പല മാസങ്ങളിലും ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിന് എലഗന്റ് ഫോട്ടോസ്റ്റാറ്റ് ആലപ്പുഴയ്ക്ക് തുക നൽകിയതായി കാണുന്നു(വൗച്ചർ നം.235-8/15-16/തീ.12.8.15(1140/-),37-9/15-16/ തീ.25.9.15 (1820/-)) എന്നാൽ പഞ്ചായത്ത് ഓഫീസിലെ ഫോട്ടോസ്റ്റാറ്റ് മെഷ്യന്റെ ടോണർ വാങ്ങി ഫില്ല് ചെയ്യതിനുമറ്റുമായി 22.12.2015ലെ 552ാം വൗച്ചർ പ്രകാരം 4400/- കെ .എം. ടെക്നോളജിസ് കോട്ടയം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിൽ ഫോട്ടോസ്റ്റാറ്റ് മെഷ്യൻ ഉള്ളപ്പോൾ പുറത്തുനിന്ന് ഫോട്ടോസ്റ്റാറ്റ് എടുത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രോജക്ട് റിപ്പോർട്ടുകളും, വോട്ടർപ്പട്ടികയും മറ്റും അടിയന്തിരമായി ഫോട്ടോസ്റ്റാറ്റ് എടുത്തുനൽകേണ്ടതിനാലാണ് പുറത്തുനിന്ന് ഫോട്ടോ കോപ്പിയെടുത്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. കഴിയുന്നതും പഞ്ചായത്തിന്റെ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്.

## 3-9 <u>തൊഴിലുറപ്പ് പദ്ധതി -അവലോകനം</u>

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2015-16 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 28 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2553 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1697 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1697 |
| ആകെ തൊഴിൽ ദിനങ്ങൾ | 82515 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 76 |

2. ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 563 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 174 |
| തൻവർഷം പൂർത്തിയാക്കിയത് | 250 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 30 |

3. വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 115 | 15303109 |
| 2 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 2 | 126243 |
| 3 | ഫിഷറീസ് | 4 | 390496 |
| 4 | ഐ.എ.വൈ- വീട് | 106 | 536776 |
| 5 | ജലസംരക്ഷണം/ജലസേചനം | 23 | 2532329 |
| | ആകെ | 250 | 18888953 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

(1) വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.(ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.)

(2) MGNREGA പദ്ധതി പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

(3) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(4) ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീയതി, 26.07.2011) നടപ്പാക്കിയിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 72000 | 3000 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | | 150000 | 0 |

4-3.ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാധാ) നം. 960/2010 ത.സ്വ.ഭ.വ, 20.3.2010 | 9988500 | 3564746 | 2160269 | – | 1404477 |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2390/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട്/ വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം. തീയതി. |
|---|---|---|---|---|
| 2007-08 | 2-2 | 2390 | ശ്രീമതി.ഗിരിജ,സെക്രട്ടറി | 11503100262/18.8.15 |
| ആകെ | | 2390 | | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2003-04 | 2-4 | 2007-08, ഖ- 3.24.1 | ടെണ്ടർ ക്ഷണിക്കാതെ പൈപ്പ് വാങ്ങി | ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 24858787 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33475066 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 318660 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ഡോ.സുഭാഷ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-3 | 18660 | ഡോ.ശ്രീകല.സി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4 | 200000 | ഡോ.ദിവ്യ ചന്ദ്രൻ, വെറ്ററിനറി സർജൻ |
| ആകെ | 318660 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശ്രീകല.സി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കാവാലം | ചെമ്പകത്ത് ഹൗസ്, ചൊവ്വല്ലൂർ, കണ്ടാണശ്ശേരി.പി.ഒ, തൃശ്ശൂർ |
| ഡോ.ദിവ്യ ചന്ദ്രൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കാവാലം | സുധാ സദനം, പാലേടം, കാവാലം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി.11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി31.02.1991 |

| | |
|---|---|
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |
| 2008-09, 2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി- |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.10/838/2016/30.7.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി10-47/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 24.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P10-47/17

Kerala State Audit Department,

District Audit Office,Alappuzha.

Date: 24.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kavalam Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kavalam Gramapanchayat for the year 2015-16 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha